3. ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കാനായി മാനേജ്മെന്റ്, കണക്കെഴുത്ത് എന്നിവയിൽ പരിശീലനവും തുടർപരിശീലനവും നൽകിയിട്ടുണ്ട്.

4. തീരമൈത്രി സംരംഭങ്ങളുടെ തുടർച്ചയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കാനായി തീരദേശ പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകളിൽ എല്ലാ സൂപ്പർ മാർക്കറ്റുകളും അംഗങ്ങളായിട്ടുണ്ട്.

5. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാർക്കറ്റിംഗ് പ്രൊഫഷണലുകളുടെ സേവനം ലഭ്യമാക്കുകയുണ്ടായി.

മത്സ്യബന്ധനമേഖലയിൽ കടാശ്വാസ പദ്ധതികൾ

218(307) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യബന്ധനമേഖലയിൽ പാവപ്പെട്ട മത്സ്യതൊഴിലാളികൾക്ക് എന്തെല്ലാം കടാശ്വാസ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ; ഇതിനായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) മത്സ്യതൊഴിലാളികളുടെമേലുള്ള ചൂഷണം തടയുന്നതിനും ഇവരുടെ ഉന്നമനം ഉറപ്പുവരുത്തുന്നതിനുമായി ഈ സർക്കാർ എന്തെങ്കിലും സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ 1182.60 ലക്ഷം രൂപയുടെ ഹഡ്കോ ഭവന വായ്പ കുടിശ്ശികയും 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024 രൂപയുടെ എൻ.സി.ഡി.സി. വായ്പ കുടിശ്ശികയും പൂർണ്ണമായും എഴുതിത്തള്ളി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷന്റെ രണ്ടാം ഘട്ട ശുപാർശയുടെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ തനത് ഫണ്ട്, മത്സ്യഫെഡ് നൽകിയ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ വായ്പകളുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിന് 12.44 കോടി രൂപയും 1969-ലെ കേരള സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപയും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിന് പലിശരഹിത വായ്പ പദ്ധതി, റിവോൾവിംഗ് ഫണ്ട് പദ്ധതി, സമ്പാദ്യസമാശ്വാസ പദ്ധതി, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ, എ.പി.എൽ., ബി.പി.എൽ. പരിഗണന കൂടാതെ 1.60 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly